
# വി.എ ച്ച്.യു.പി. സ്കൂൾ

വഴുവാടി



# അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

പൊതുവായ ജീവിത ഗുണമേന്മ കൊണ്ട് ഇന്ത്യക്ക് മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം. പൊതു വിദ്യാഭ്യാസത്തിന്റെ വ്യാപനം, പൊതുജനാരോഗ്യ രംഗത്തെ മികവ് എന്നിവയാണ് കേരളത്തിന്റെ ഈ നേട്ടത്തിന് കാരണം. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തെതുടർന്ന് ഗുണമേന്മ ലക്ഷ്യം വെച്ചുള്ള വ്യാപക അടിസ്ഥാന സൗകര്യ വികസനവും, അധ്യാപക പരിശീലന പരിപാടികളും നടന്നിട്ടുണ്ട്. ഇതോടൊപ്പം പാഠ്യപദ്ധതിയെ ശിശുകേന്ദ്രീകൃതവും, പ്രവർത്തനാധിഷ്ഠിതവും, പ്രക്രിയ ബന്ധിതവുമാക്കി കാലോചിതമാക്കുന്നതിനുള്ള പരിശ്രമങ്ങളും ഉണ്ടായി. ഇപ്രകാരം കുട്ടിയെ വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്രസ്ഥാനത്ത് നിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ നമുക്ക് കഴിഞ്ഞു.

വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള, വ്യത്യസ്തമായ ശാരീരികവും, മാനസികവും, ബൗദ്ധികവുമായ കഴിവുള്ള എല്ലാ കുട്ടികൾക്കും പഠിക്കുവാനും, സ്കൂളിൽ വിജയം കൈവരിക്കുവാനും കഴിയും എന്ന് ഉറപ്പുവരുത്തണം. എല്ലാ വിഭാഗത്തിലും പെട്ടവർക്ക് പഠനനേട്ടം ഉണ്ടാകുന്നതിന് വിദ്യാഭ്യാസപ്രക്രിയയുടെ എല്ലാ മേഖലകളിലും കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിക്കുകയായിരിക്കണം നമ്മുടെ എപ്പോഴത്തെയും കാഴ്ചപ്പാട് എന്ന് എൻ.സി.എഫ്. സൂചിപ്പിക്കുന്നു.

2009ലെ വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറിക്കഴിഞ്ഞു. അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസന പരിപ്രേക്ഷ്യം നടപ്പാക്കുന്നതിന് പാഠ്യപദ്ധതിയെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കേണ്ടതുണ്ട്. അന്തർദേശീയ നിലവാരം എന്നത് ഒരു പ്രത്യേക ഘട്ടം പിന്നിടുന്ന കുട്ടി, ലോകത്തെവിടെയാണെങ്കിലും ആർജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെത്തുകയാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ ഉറപ്പുവരുത്തുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കേണ്ടത് ആവശ്യമാണ്. ഈ പശ്ചാത്തലത്തിലാണ് 2013ലെ കേരള സ്കൂൾ പാഠ്യപദ്ധതിയെ നാം വീക്ഷിക്കേണ്ടത്. പഠനവിഭവങ്ങളും പഠന സംവിധാനങ്ങളോടുമൊപ്പം കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികളും പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രയോജനപ്പെടുത്തണം. കുട്ടികളുടെ പരിപൂർണ്ണ വികാസത്തിന് ഇത്തരം ഘടകങ്ങൾ അത്യന്താപേക്ഷിതമാണ്.

**കലാ പഠനവും പ്രവൃത്തി പഠനവും:-**

സർഗ്ഗാത്മകത, നിരീക്ഷണപാടവം, വ്യതിരിക്തബുദ്ധി തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്. വൈകാരികവും, വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാദ്ധ്യമാക്കുന്നതിനു പ്രവൃത്തി പരിചയ വിദ്യാഭ്യാസം അനിവാര്യമാണ്.

**ആരോഗ്യ കായിക വിദ്യാഭ്യാസം:**

ശാരീരിക മാനസിക വികാസങ്ങ്ളുടെയും, വളർച്ചയുടേയും അടിത്തറ രൂപപ്പെടുത്തുന്ന ഘട്ടമാണ് പ്രൈമറിതലം. അതിനാൽ, ഈ ഘട്ടത്തിൽ മുഴുവൻ കുട്ടികൾക്കും ആ അനുഭവം ലഭിക്കണം. കുട്ടിയുടെ ആരോഗ്യ കായിക വികസന ഘട്ടങ്ങളെ ശാസ്ത്രീയമായി പോഷിപ്പിക്കുകയും ആരോഗ്യകരമായ ജീവിത ശീലങ്ങളും, മനോഭാവങ്ങളും വളർത്തുകയും ചെയ്യുക എന്നതാണ് സുപ്രധാന ലക്ഷ്യം.

## ചരിത്രം

മാവേലിക്കര താലൂക്കിൽ തഴക്കര പഞ്ചായത്ത് ഒന്നാം വാർഡിൽ പ്രകൃതി രമണീയമായ അച്ചൻകോവിലാറിന്റെ തീരത്ത്, വഴുവാടി എന്ന സ്ഥലത്ത് വി.എച്ച് യു. പി സ്കൂൾ സ്ഥിതി ചെയ്യുന്നു. വിശ്വകർമ്മ സമുദായത്തിൻറെ അധീനതയിലുള്ള ഒരേയൊരു സ്കൂളാണിത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. കൂടുതൽ കുട്ടികളും പട്ടികജാതിയും മറ്റു പിന്നോക്ക സമുദായത്തിൽ പെടുന്നവരാണ്. പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾ ഇവിടെയുണ്ട്. 6 അധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു. വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു പി.ടി.എ. ഇവിടെയുണ്ട്. കൂടാതെ പൂർവ്വ വിദ്യാർഥികളുടെയും, സമീപവാസികളുടേയും, വാർഡ് മെമ്പർ മാരുടെയും, സാംസ്കാരിക സംഘടനകളുടെയും നല്ല പിന്തുണ ഈ സ്കൂളിനുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിലെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ടുള്ള ഒരു അക്കാദമിക് മാസ്റ്റർപ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. ഇതിലൂടെ ഉയർന്ന പഠന നിലവാരത്തിൽ എത്തുവാൻ കുട്ടികൾക്ക് സാധിക്കുന്നതാണ്.

### വിശ്വകർമ്മ ഹിന്ദു യു.പി സ്കൂൾ രൂപം കൊണ്ട കാലം, സാഹചര്യം:

മദ്ധ്യ തിരുവിതാംകൂറിലെ വിശ്വകർമ്മജരായ സമുദായ സ്നേഹികൾ ചേർന്ന് സമ്പാദിച്ച ഒരു ഏക്കർ 6 സെൻറ് സ്ഥലം, വിശ്വകർമ്മ സമുദായത്തിൻറെ വകയായി മാവേലിക്കര വഴുവാടിയിലുണ്ടായിരുന്നു. ഈ സ്ഥലത്തിൻറെ കൈകാര്യ കർമത്വം വഹിച്ചിരുന്നത് ഇടവങ്കാട്ട്കുടുംബക്കാർ ആയിരുന്നു. ഈ കുടുംബത്തിൽ പെട്ട ചില പ്രമുഖ വ്യക്തികൾ കൊട്ടാരം മൂത്താചാരിമാരായി തിരുവനന്തപുരത്ത് താമസിക്കേണ്ടി വന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം അന്യാധീനപ്പെട്ടു പോകത്തക്ക രീതിയിലായി. എന്നാൽ ശ്രീ.യു.കെ.വാസുദേവൻ ആചാരിയും സമുദായ സ്നേഹികളും ചേർന്ന്, ഇടവങ്കാട്ട്കാരുമായി ബന്ധപ്പെടുകയും, ഈ സ്ഥലം നിയമപ്രകാരം മഹാസഭയ്ക്ക് കൈമാറുകയും ചെയ്തു.

1957 മുതൽ ഒരു എൽ.പി സ്കൂൾ സ്കൂൾ അനുവദിച്ചു തരണമെന്ന് വിശ്വകർമ്മ മഹാസഭ ആവശ്യപ്പെടുകയും, അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്കൂൾ അനുവദിച്ചു തന്നില്ല. പിന്നീട് 1964 ഫെബ്രുവരി, ഇരുപത്തിയേഴാം തീയതി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ.ആർ.ശങ്കറിനെ മഹാസഭ ഭാരവാഹികൾ, മഹാസഭ പ്രസിഡൻറ് ശ്രീ.എം.എൻ.കൃഷ്ണൻ ആശാരിയുടെ നേതൃത്വത്തിൽ കാണുകയും , സ്കൂളിനുവേണ്ടി പുതിയ നിവേദനം നൽകുകയും ചെയ്തു.

1964 ഏപ്രിൽ ഇരുപത്തിനാലാം തീയതി മഹാസഭ പ്രസിഡൻറ് ശ്രീ എം.കൃഷ്ണ[n] ആചാരിയുടെ നേതൃത്വത്തിലുള്ള പരിശ്രമ ഫലമായി ഒരു എൽ.പി സ്കൂൾ അനുവദി[ച്ച്] ഉത്തരവായി. ഗവണ്മെന്റിൽനിന്ന് അനുവദിച്ചുതന്ന വിശ്വകർമ്മ സ്കൂൾ 1964 ഏപ്രിൽ 2[...] തീയതി ബുധനാഴ്ച രാവിലെ 11. 30 ന് നാട്ടുകാരുടെയും, വിശ്വകർമ്മ പ്രവർത്തകരുടെയു[ം] സാന്നിധ്യത്തിൽ സ്കൂളിൻറെ ശിലാസ്ഥാപനകർമ്മം ശ്രീ.എം.എൻ. കൃഷ്ണൻ ആചാ[രി] നിർവഹിച്ചു. അന്നുതന്നെ കെട്ടിട നിർമ്മാണത്തിന് വിവിധ വശങ്ങളെ പറ്റി ചർച്ച നടന്ന[ു] എ.ഇ.ഒ. ഓഫീസുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങളും മറ്റുകാര്യങ്ങളും ചെയ്യാ[ൻ] ഞാൻ തീരുമാനിച്ചു.

വഴുവാടി, വി.എച്ച്.യൂ.പി. സ്കൂളിന്റെ പ്രവർത്തനം, 1964 ജൂൺ ഒന്നിന് തന്[നെ] ആരംഭിക്കുമെന്നും, കൊല്ലം ഇരവിപുരത്ത് റിട്ടയേർഡ് ഹെഡ്മാസ്റ്റർ ശ്രീ.കെ. കൃഷ്ണ[ൻ] ആചാരിയെ, പ്രധാന അധ്യാപകനായി നിയമിക്കാൻ മഹാസഭയുടെ യുടെ കൗൺസി[ൽ] യോഗം തീരുമാനിച്ചു. ശ്രീ.കെ.കൃഷ്ണൻ ആചാരിയെ പ്രധാന അധ്യാപകൻ ആക്കികൊ[ണ്ട്] സ്കൂൾ ആരംഭിച്ചു. കെട്ടിടം പൂർത്തിയാക്കാതിരുന്നതു കൊണ്ട് ഒരു വാടക കെട്ടിടത്തിലാ[ണ്] സ്കൂളിൻറെ പ്രവർത്തനം താൽക്കാലികമായി നടന്നത്. എന്നാൽ, ആ മാസം അവസാ[നം]

സ്കൂൾകെട്ടിടം ഇന്നത്തെ വിശ്വകർമ്മ ഹിന്ദു യു.പി. സ്കൂളായി (വി.എച്ച്.യൂ.പി. സ്കൂൾ) ഉയർത്തി പ്രവർത്തനം തുടങ്ങി.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## എൽ. പി. വിഭാഗം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ. പി. വിഭാഗം

| | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| | അക്ഷരജ്യോതി | വായിക്കാനും എഴുതാനും അറിയാത്ത 1, 2, 3, 4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും, എഴുതാനും കഴിവുണ്ടാക്കുക | അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഉറപ്പിക്കൽ പ്രവർത്തനം, അക്ഷര കാർഡ്, അക്ഷരചിത്രം, അക്ഷര ചാർട്ട്, പദചാർട്ടുകൾ ഉപയോഗിച്ചു കൊണ്ടുള്ള വൈവിധ്യ പഠന- പ്രവർത്തനങ്ങൾ | 2025- 2026 |
| 2 | വായനാമരം | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായനമരം - ഒരു മരത്തിനു ചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനക്കൂട്ടം - പുസ്തചർച്ചയും. കവിത, കഥ, അവതരണം നടത്തി കുറിപ്പു തയ്യാറാക്കൽ | മരത്തിനു ചുറ്റും - വാക്യങ്ങൾ കാർഡുകളാക്കി നൽകി വാക്യനിർമാണം. ഇഷ്ടമുള്ള പുസ്തകങ്ങളെടുത്ത് ഗ്രൂപ്പിൽ വായന - ചർച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. കഥ, നാടകം, കവിത മുതലായവ കുട്ടി റേഡിയോവിലൂടെ അവതരിപ്പിക്കാൻ അവസരം | 2025- 2026 |

| | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലങ്ങൾ |
|---|---|---|---|---|
| 3 | അറിവുത്സവം | പത്രവാർത്തകൾ, ആനുകാലികങ്ങൾ വായിച്ച് അറിവു നേടുക, ക്വിസ് മത്സരങ്ങൾ, എൽ.എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം നേടുക. | ക്ലാസ് ലൈബ്രറി ശാക്തീകരണം, പത്രക്വിസ്, പതിപ്പ് തയ്യാറാക്കൽ, ക്ലാസ് പത്രം തയ്യാറാക്കൽ | 2025-2026 |
| 4 | ഗണിതമാല | ഗണിതാശയങ്ങൾ 1, 2, 3, 4 ക്ലാസുകളിൽ ഉറപ്പിക്കുന്നതിനായി ചതുഷ്ക്രിയകൾ ഉറപ്പിക്കൽ, അളവു തൂക്കങ്ങൾ അളക്കുന്നതിനുള്ള കൂടുതൽ അവസരമൊരുക്കൽ. ഗണിത രൂപങ്ങൾ പരിചയപ്പെടൽ സ്ഥാനവില നിർണ്ണയം, കളിനോട്ടുകൾ ഉപയോഗിച്ച് പണവിനിമയം പരിചയപ്പെടുത്തുക. | സംഖ്യാകാർഡ് പരിചയപ്പെടുത്തൽ, നിത്യജീവിത സാഹചര്യങ്ങൾ ഉപയോഗിച്ച് സംഖ്യകൾ പഠിപ്പിക്കുന്നു. അളവു തൂക്കം പരിചയപ്പെടൽ, നീളം അളക്കൽ, പാറ്റേൺ നിർമ്മാണം, കളിച്ചന്ത, ICT സഹായത്തോടെ ജ്യാമിതീയ രൂപങ്ങൾ വരച്ച് നിറം നൽകൽ | 2025-2026 |

| | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| 5. | TOM AND JERRY SPOKEN ENGLISH PROGRAMME | കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കുന്ന പ്രത്യേക പരിപാടി TOM AND JERRY MODEL. ഇംഗ്ലീഷ് സംസാരം കേൾക്കാനും പറയാനും കഴിവ് വർധിപ്പിക്കുന്നു. | കമ്പ്യൂട്ടർ സഹായത്തോടെ പാഠഭാഗങ്ങൾ (TOM AND JERRY MODEL) ഒരുക്കൽ. SPOKEN ENGLISH ന് പ്രാധാന്യം നൽകുന്ന ക്ലബ്ബ് പ്രവർത്തനങ്ങൾ (ENGLISH CLUB) ക്വിസ്, റോൾപ്ലേ പ്രവർത്തനങ്ങൾ | 2025-2026 |
| 6. | പരീക്ഷണക്കളരി എന്റെ ഭൂമി | പരിസ്ഥിതി സംരക്ഷണ ശാസ്ത്ര കഴിവുകൾ, നിരീക്ഷണം, പരീക്ഷണം തുടങ്ങിയവ വികസിപ്പിക്കുക, ജൈവവൈവിധ്യ ഉദ്യാനം ഒരുക്കൽ | പരിസരപ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും, പരീക്ഷണം തയ്യാറാക്കി അവതരിപ്പിക്കൽ, പരിസര നിരീക്ഷണം അഭിമുഖവും, ശുചീകരണ പ്രവർത്തനങ്ങൾ, പരിസ്ഥിതിസംരക്ഷണങ്ങൾ പോസ്റ്റർ നിർമ്മാണം | 2025-2026 |

| | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയള |
|---|---|---|---|---|
| 7 | പോഷണം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും, നാടൻ വിഭവങ്ങളെ കുറിച്ച് മനസ്സിലാക്കാനുമുള്ള പദ്ധതി | കുട്ടികളുടെ നേതൃത്വത്തിൽ പാചകത്തോടും, അമ്മമാരുടെ സഹായത്തോടെ നാടൻ വിഭവങ്ങൾ ഒരുക്കി നാടൻ വിഭവ പ്രദർശനം | 2025-2026 |
| 8 | മാസ്‌ഡ്രിൽ - മാനസികാരോഗ്യ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ മാസ്സ്-ഡ്രിൽ, കൗൺസിലിംഗ്, കളികൾ തുടങ്ങിയവയിലൂടെ മാനസികാരോഗ്യവും കായിക ക്ഷമതയും വർദ്ധിപ്പിക്കുക. | കായികാധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസ്സിനും മാസ്‌ഡ്രിൽ കളി പരിശീലനം (നാടൻകളികൾ) ക്യാമ്പ് സംഘടിപ്പിക്കൽ | 2025-2026 |

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026

## യു. പി. വിഭാഗം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

## UP – സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ പരിശോധിക്കൽ, നേടിയെടുക്കൽ. | അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>പരിഹാരബോധനവും ആയി പോരായ്മകൾ പരിഹരിക്കുന്നു. | ജൂൺ | SS അധ്യാപകർ | |
| | ഓർമ്മ ചെപ്പ്<br>രാജ്യം, സംസ്ഥാനം, ജില്ല വരെയുള്ള നദികൾ, ഭൂപ്രകൃതികൾ, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ ഇടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ മുള്ള വിവരശേഖരണം., ICT. | ജൂൺ, ജൂലൈ ആഗസ്റ്റ്. | SS അധ്യാപകർ | |
| • കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual field trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ | SS അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പരിസ്ഥിതി സംരക്ഷണം ജലസ്രോതസ്സ് സംരക്ഷണം കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു. | പരിസ്ഥിതിദിന സംരക്ഷണം- സ്കൂൾതല പ്രവർത്തനങ്ങൾ ജലസ്രോതസ്സ് സംരക്ഷണം – ചർച്ച. | ജൂൺ അക്കാദമിക വർഷം. | പരിസ്ഥിതി ക്ലബ് | |
| • ലഹരിയുടെ ഉപയോഗം ഉണ്ടാകുന്ന വിപത്തുകൾ- കുട്ടികളിൽ അവബോധം ഉണ്ടാകുന്നു. കൂടാതെ വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും റോഡ് സുരക്ഷ, ഗതാഗത നിയമം, ആരോഗ്യ വ്യായാമം എന്നിവയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | Zumba dance practice ചെയ്യുന്നു. ലഹരിവിരുദ്ധ ക്ലാസുകൾ (Excise officers) റോഡ് സുരക്ഷ ക്ലാസുകൾ (Motorvehicle officers) ആരോഗ്യ ക്ലാസുകൾ (Health officers) സൈബർ സുരക്ഷ ബോധവൽക്കരണ പോസ്റ്റർ തയ്യാറാക്കൽ, ചിത്രരചന, Roleplay തുടങ്ങിയ പ്രവർത്തനങ്ങൾ | June 2 മുതൽ 15 വരെ പ്രത്യേക പ്രവർത്തനങ്ങൾ അക്കാദമിക വർഷം. | HM അധ്യാപകർ | |
| • ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുന്നു. | വിദ്യാലയത്തിൽ നിന്ന് അകത്തേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മിനിറ്റുകളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ SS അധ്യാപകർ പഞ്ചായത്ത് അധികൃതർ | |

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ വീഡിയോകളും ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ICT സാധ്യതകൾ ഉപയോഗിക്കുന്നു. | November-December | SS അധ്യാപകർ fire force ഉദ്യോഗസ്ഥർ | |
| • സ്കൂൾ പാർലമെന്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു. | ക്ലാസിൽ ഒരു പാർലമെന്റ് (ബാല പാർലമെന്റ്) | ജനുവരി | SS അധ്യാപകർ | |
| • പഠനോപകരണ - നിർമ്മാണശില്പശാല | പാഠഭാഗത്തെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ക്ലാസ്സധ്യാപകർ കുട്ടി വിദ്യാർത്ഥികൾ. | |

# അക്കാദമിക പ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | [illegible] |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ഓൺലൈൻ ഗെയിമുകളുടെ ദോഷങ്ങൾ, സൈബർ സുരക്ഷിതത്വം, ഡിജിറ്റൽ അപകടങ്ങൾ എന്നിവയെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക. | സ്കൂൾ തുറന്ന് ആദ്യകാലം കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കും ഉതകുന്ന തരത്തിൽ അദ്ധ്യാപകരും ചേർന്ന് ചാർട്ടുകൾ, ക്ലാസുകൾ, ഡിജിറ്റൽ (ICT) എന്നിങ്ങനെ കുട്ടികൾക്ക് ദൈനംദിനം ഓരോ വിഷയം വീതം പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. | June 2 മുതൽ ഒരാഴ്ച | അദ്ധ്യാപകർ<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി | |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | • പ്രീടെസ്റ്റ് (പിന്നാക്കക്കാരെ കണ്ടെത്തൽ)<br>• അക്ഷരം ഉറപ്പിക്കൽ (1 month) — 1 month.<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കുക<br>• ചിത്രം - കഥ, അടിക്കുറിപ്പ്, വാക്യങ്ങൾ<br>• കഥാപുസ്തകം നൽകി - വായന, കുറിപ്പ്<br>• ICT ചിത്രം നൽകി കഥ ഉണ്ടാക്കൽ. | സ്കൂൾ വർഷം മുഴുവൻ. | അദ്ധ്യാപകർ<br>ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല | |

| | | | | |
|---|---|---|---|---|
| ...യെ മികച്ച വായന-ക്കാരാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനാമൂല, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി<br>• സമീപ പ്രദേശത്തെ ഗ്രന്ഥശാലാ അംഗത്വം<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്ര വായന<br>• അമ്മവായന<br>• പുസ്തക ചർച്ച<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാക്കുറിപ്പ്, പതിപ്പ്.<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>• ദിനാചരണങ്ങൾ<br>• ആനുകാലിക പ്രസിദ്ധീകരണങ്ങൾ- വായന<br>• പുസ്തകം ഒരുക്കൽ | സ്കൂൾലൈബ്രറി<br>അധ്യാപകർ<br>വിദ്യാരംഗം കലാ-സാഹിത്യവേദി<br>ക്ലബ് പ്രവർത്തനങ്ങൾ<br>ഗ്രന്ഥശാല | സ്കൂൾവർഷം | |
| കുട്ടികളെ മികച്ച എഴുത്തുകാരാക്കുക. | • പുസ്തക ചർച്ച, കുറിപ്പ് തയ്യാറാക്കൽ<br>• ലൈബ്രറി പുസ്തകങ്ങൾ - ആസ്വാദന-കുറിപ്പ് തയ്യാറാക്കൽ<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• മാഗസിൻ, ചുവർപത്രം, പതിപ്പ് എന്നിവ തയ്യാറാക്കൽ. | സ്കൂൾലൈബ്രറി<br>ഗ്രന്ഥശാല (അദ്ധ്യാപകർ)<br>ക്ലബ് പ്രവർത്തനങ്ങൾ | സ്കൂൾവർഷം | |

ACADEMIC MASTER PLAN - MATHEMATICS (U.P)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും, റോഡ് സുരക്ഷ / ഗതാഗത നിയമം, ആരോഗ്യം / വ്യായാമം എന്നിവയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | എല്ലാ കുട്ടികളുടെയും ഒപ്പം അദ്ധ്യാപകരുടെയും ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ, ലഹരിവിരുദ്ധം, റോഡ് സുരക്ഷ, ആരോഗ്യം, വ്യായാമം എന്നിവയെ കുറിച്ച് പ്രത്യേകം ക്ലാസുകളും പ്രവർത്തനങ്ങളും. | June 2 - 15 വരെ | എല്ലാ അദ്ധ്യാപകരും. | |
| 2. അടിസ്ഥാന ഗണിത ശേഷികൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | June | ഗണിത അദ്ധ്യാപകർ | |
| 3. രസകരമായ ഗണിത ശാസ്ത്ര പഠനവും കൗശല ശേഷിയുടെ വികാസവും. | ഒറിഗാമി ശിൽപശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | ഗണിത അദ്ധ്യാപകർ | |

| [illegible]്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| [illegible]ിത പഠന പ്രവർത്തനങ്ങൾ [illegible]മമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിതാധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ | |
| 5. ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി അവ പ്രദർശനം നടത്തൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | |
| 6. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണുകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| …്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| …ത്തിൽ …ന്നാക്കം നിൽ… …ന്ന കുട്ടികളെ …മുൻനിരയിലെത്തി…ക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും കൂടി മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട വർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ | |
| 9. വിവിധ ശേഷികളുടെ വികസനം | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

# ADEMIC MASTER PLAN - ENGLISH (U.P)

| Aim | Activities | Month | Responsible person | |
|---|---|---|---|---|
| o encourage Listening & speaking Introduce different genres. Enhance Vocabulary. Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills. Group discussions and role-plays to improve speaking skills. vocabulary games and exercises to build word knowledge. | June | English Teacher. | |
| To encourage Reading, Delovp basic reading, writing, listening and speaking skills. Cultivate effective Communication skills for various Contents. | Interactive Reading circles. Divide students into small groups and provide them with age-appropriate texts. such as short stories or excerpts from novels. Each group reads the assigned text together and discusses key elements like plot, characters and themes. | | | |

| ...m | Activities | Month | Responsible Teacher, |
| --- | --- | --- | --- |
| | Encourage students to take turns reading aloud and share their interpretations and reactions to the text. After discussion each group presents a summary or analysis of their assigned text to the class. Guided reading sessions with Comprehension questions. | July | English teacher. |
| To develop writing skills | Improve sentence structure. | | |
| Introduce grammatical concepts such as part of speech, tenses, and sentence structure. | Practice for simple creative writing tasks like decriptive paragraphs, short stories, and simple poetry. | August - December. | |
| To develop basic Grammar rules. | Projects and research assignments to foster critical thinking. | | |
| Focus on sentence structure. punctuation and grammar | Focus on developing paragraphs and essays. Teach persuasive writing techniques and argumentation. | January | |
| Expand vocabulary through reading & interactive activities. | Interactive grammar games. Worksheet on parts of speech. | February | |

| ...ns | Activities | Month | Responsible Teacher. |
|---|---|---|---|
| ...ge Games, puzzles activities. | Integrate language games and activities to reinforce vocabulary, grammer and language skills in an engaging way. To create their own poems, stories dictionary etc. | | |
| Differentiation and support | Recognize and accommodate the diverse learning needs of students through differentiation in struction, including accommodations and modifications for specially abled students and gifted learners. | Throughout the year | English Teacher |
| Assessment and feedback. | Design a range of assessment tasks and tools to measure student's language proficiency, Comprehension and writing skills, including formative and summative assessments. | Throughout the year | English Teacher. |

# ACADEMIC MASTER PLAN - SCIENCE (U.P)

| Aim | Activites | Month | Responsible person |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും [illegible] പാഠങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പ്രകൃതിയെ അറിയാൻ യാത്രകൾ, നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br>ജൂൺ<br>ജൂലൈ | സയൻസ് ക്ലബ്, ഫോറസ്ട്രി ക്ലബ്<br>ശാസ്ത്രാധ്യാപകർ. |
| 2. ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ നേതൃത്വത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ്. |
| | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

| | | | |
|---|---|---|---|
| അധുനാതന നൂതന ആശയങ്ങൾ ശാസ്ത്ര [illegible] ക വിദ്യകളുടെ സാധ്യത [illegible]മായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രേരിപ്പിക്കുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ നടത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വളർത്തിയെടുക്കൽ | ഇലക്ട്രോണിക്, റോബോട്ടിക്സ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, സയൻസ് ക്ലബ് അധ്യാപകർ. |
| 5. വിവിധ സാങ്കേതിക വിദ്യകളുടെ ദുരുപയോഗം, ആരോഗ്യം, വ്യായാമം എന്നിവയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | ഹെൽത്ത് ക്ലബിന്റെയും അധ്യാപകരുടെയും ആഭിമുഖ്യത്തിൽ ആരോഗ്യം, വ്യായാമം എന്നിവയെ കുറിച്ച് പ്രത്യേകം ക്ലാസ്സുകളും പ്രവർത്തനങ്ങളും | June 2-15 | ഹെൽത്ത് അധ്യാപകർ. |